II ഇ.ബി. XII-കേരള നിയമസഭ/X-9

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2009 മാർച്ച് 3, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

25(*241) ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) നൽകിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് ജീവനക്കാരുടെ ഘടനയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുവെന്ന് സഭയെ അറിയിച്ചു. 1960-ലെ കേരള പഞ്ചായത്ത് ആക്ടിന്റെയും 1967-ലെ കേരള പഞ്ചായത്ത് (എസ്റ്റാബ്ളിഷ്മെന്റ്) ചട്ടങ്ങൾ പ്രകാരവും പഞ്ചായത്തുകളുടെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഗ്രേഡ്, ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ്, മൂന്നാം ഗ്രേഡ് എന്നിങ്ങനെ തരംതിരിവ് നടത്തിയിരുന്നത് സർക്കാർ അംഗീകാരത്തോടെ പഞ്ചായത്ത് ഡയറക്ടർ ആയിരുന്നു. പ്രസ്തുത ചട്ടങ്ങൾ പ്രകാരം 1977-78, 1978-79 വർഷങ്ങളിലെ പഞ്ചായത്തുകളുടെ ശരാശരി വരുമാനപരിധി കണക്കാക്കി 1983-ലാണ് ഗ്രേഡുകൾ തിരിച്ച് ഉത്തരവായിട്ടുള്ളത്. 30-4-1982-ലെ ഉത്തരവ്

പ്രകാരമാണ് പഞ്ചായത്തുകളിലെ ജീവനക്കാരുടെ അംഗസംഖ്യ അവസാനമായി നിശ്ചയിച്ചിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ ഗ്രാമപഞ്ചായത്തുകളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് നടത്താൻ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിരുന്നില്ല. ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക മാനദണ്ഡപ്രകാരം വികസന ഫണ്ട് അനുവദിക്കുന്നതിനാൽ ഗ്രേഡിംഗിന് പ്രസക്തിയില്ല. ജീവനക്കാരുടെ കുറവുമൂലം പദ്ധതി നിർവ്വഹണത്തിൽ ബുദ്ധിമുട്ടുകൾ വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഇത് പരിഹരിക്കുന്നതിന് അധിക തസ്തികകൾ അനുവദിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂനിയർ സൂപ്രണ്ട്/ ഹെഡ് ക്ളാർക്ക് തസ്തിക ഇല്ലാതിരുന്ന 21 പഞ്ചായത്തുകളിൽ ഹെഡ് ക്ളാർക്ക് തസ്തിക സൃഷ്ടിക്കുകയും വാനീഷിംഗ് കാറ്റഗറിയായി മാറ്റപ്പെട്ട 190 ജൂനിയർ ബിൽകളക്ടർ തസ്തികകൾക്ക് പകരം 190 എൽ.ഡി. ക്ളാർക്ക് തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സാങ്കേതികവിഭാഗം ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുകയും ജീവനക്കാരെ ലഭ്യമാക്കി വരികയും ചെയ്യുന്നു. പുനർവിന്യസിക്കപ്പെട്ട പൊതുമരാമത്ത്, ഇറിഗേഷൻ എന്നീ വകുപ്പുകളിലെ എൻജിനീയർമാരുടെ പ്രൊമോഷനിലുള്ള തർക്കം സംബന്ധിച്ച കേസ്സിൽ കോടതി വിധി വന്നുകഴിഞ്ഞാൽ നിലവിലുള്ള നിയമനത്തിലെ പ്രയാസം പരിഹരിക്കപ്പെടും. ഒരു പഞ്ചായത്തിന് ഒന്ന് എന്ന

ക്രമത്തിൽ 16 വകുപ്പുകളിൽ നിന്നും മിനിസ്റ്റീരിയൽ ജീവനക്കാരെ പുനർവിന്യസിച്ച് വരുന്നുണ്ട്. 1998-ൽ നിയോഗിച്ച സെൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം പഞ്ചായത്തുകൾക്ക് കൊടുത്തിട്ടുള്ള കൂടുതൽ അധികാരം കൈകാര്യം ചെയ്യാൻ വേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ല. അധികാരം താഴേയ്ക്ക് കൊടുത്തതിന്റെ ഫലമായി വന്ന ജോലിഭാരം കണക്കിലെടുത്ത് പുനർവിന്യാസം നടക്കുന്നുണ്ടെങ്കിലും പല വകുപ്പുകളിൽ നിന്നും ജീവനക്കാരെ ലഭിക്കാത്തതിനാൽ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മന്ത്രിമാരേയും ബന്ധപ്പെട്ട വകുപ്പുമേധാവികളേയും വിളിച്ച് നാലു തവണ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഒരു ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. പുനർവിന്യസിപ്പിച്ച ഉദ്യോഗസ്ഥരെ കിട്ടാത്ത സാഹചര്യത്തിൽ പ്രത്യേക തസ്തിക സൃഷ്ടിക്കാനുള്ള നടപടികളെക്കുറിച്ച് ആലോചിക്കുകയാണ്. നിലവിലുള്ള ജീവനക്കാരെക്കൊണ്ട് പദ്ധതി നിർവ്വഹണം നടപ്പിലാക്കാൻ കഴിയാത്ത സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാനുള്ള അനുമതി കൊടുത്തിട്ടുണ്ട്. സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതിനിർവ്വഹണം ആരംഭിക്കാനുള്ള ക്രമീകരണങ്ങൾ നടത്തുന്നതാണ്. പുനർവിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദിത്വമില്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ അതിനൊരു ക്രമീകരണമുണ്ടാക്കുന്നതിന് ചർച്ചകളിലൂടെ തീരുമാനം എടുക്കുന്നതാണ്. പഞ്ചായത്ത് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വേണ്ടി കില-യിൽ (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) പരിശീലനം നൽകിവരുന്നുണ്ട്. പഞ്ചായത്തുകൾക്ക് സെൻട്രലൈസ്ഡ് സോഫ്റ്റ് വെയർ സിസ്റ്റം

രൂപീകരിക്കാനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടത്തുന്ന പദ്ധതികളിൽ വന്നിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇലക്ട്രിക്കൽ വിംഗ് ആരംഭിക്കണമെന്ന ആവശ്യമുന്നയച്ച പഞ്ചായത്തുകൾക്ക് അതിനുള്ള അനുമതി കൊടുക്കുന്നുണ്ട്. റിട്ടയർ ചെയ്യാറായ സെക്രട്ടറിമാരെ സ്ഥിരമായി പോസ്റ്റ് ചെയ്യുന്നതുമൂലമുണ്ടാകുന്ന പഞ്ചായത്തിന്റെ സാമ്പത്തിക ബാധ്യതയ്ക്ക് പരിഹാരം കാണുന്നതിനെക്കുറിച്ച് ആലോചിച്ചു കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഗസറ്റഡ് പദവി നൽകുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. ഗ്രാമ പഞ്ചായത്തുകളെ ടൗൺ പഞ്ചായത്തുകളാക്കി മാറ്റുന്നതിനെക്കുറിച്ച് ഗവണ്മെന്റ് തീരുമാനമെടുക്കുന്നതാണ്. സെറിഫെഡ്, ഖാദി ബോർഡ് പോലുള്ള സ്ഥാപനങ്ങളിലെ അധികമുള്ള ജീവനക്കാരെ പഞ്ചായത്തുകളിലേയ്ക്ക് വിന്യസിപ്പിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. എല്ലാ പഞ്ചായത്തുകൾക്കും വാഹനങ്ങൾ വാങ്ങാനുള്ള അനുമതി കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകളെ വിഭജിക്കാനായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ജീവനക്കാരെ സ്ഥലം മാറ്റാൻ പാടില്ലെന്ന് കർശനമായ ഉത്തരവ് കൊടുത്തിട്ടുണ്ടെന്നും സംഘടനകളുമായി ചർച്ച ചെയ്ത് മാനദണ്ഡപ്രകാരമാണ് ജീവനക്കാരുടെ സ്ഥലംമാറ്റം നടത്തുന്നതെന്നും ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

26 (*242) <u>പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ചുമതലകൾ</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ

ചുമതലകളും അധികാരങ്ങളും നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കുന്നുണ്ടോയെന്ന് വിലയിരുത്തുക, ഈ പ്രവർത്തനങ്ങളിൽ പാകപ്പിഴ ഉണ്ടെങ്കിൽ പരിഹരിക്കാൻ യഥാസമയം നിർദ്ദേശങ്ങൾ നൽകുക, വരുമാനമാർഗ്ഗങ്ങൾ യഥാവിധി പ്രയോജനപ്പെടുത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക, വികസന പ്രവർത്തനങ്ങൾ കുറ്റമറ്റരീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ തത്സമയം നൽകി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുക എന്നിവയാണ് പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന്റെ ചുമതലകളെന്ന് സഭയെ അറിയിച്ചു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി (KILA) സഹകരിച്ച് പെർഫോർമൻസ് ആഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും ആഡിറ്റ് നടത്തേണ്ട രീതികളെക്കുറിച്ചും പരിശീലനം നൽകുന്നുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളും ചെലവും വിശദമായി പരിശോധിക്കാൻ പെർഫോമൻസ് ആഡിറ്റ് വിഭാഗത്തിന് കഴിയുന്നുണ്ട്. എല്ലാ തലത്തിലുമുള്ള പരിശോധനകൾ കഴിഞ്ഞ് റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അതിൽ ചൂണ്ടിക്കാണിച്ച പോരായ്മകൾ തിരുത്താനാവശ്യമായ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. തദ്ദേശ ഭരണസ്ഥാപനങ്ങളിൽ പ്രവർത്തിച്ച് പരിചയമുള്ള ആളുകളെയാണ് പെർഫോമൻസ് ആഡിറ്റിംഗിനായി നിയോഗിക്കുന്നത്. അതിലുള്ള ദൂഷ്യവശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. ഈ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നിലവിലുള്ള സംവിധാനം പുന:സംഘടിപ്പിക്കുക,

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സഹായകരമായ രീതിയിൽ ആഡിറ്റ് വിഭാഗത്തെ സുസജ്ജമാക്കുക, വിശദമായ ഒരു പെർഫോമൻസ് ആഡിറ്റ് മാന്വൽ തയ്യാറാക്കുക, റിപ്പോർട്ടുകളിന്മേൽ സമയബന്ധിതമായി നടപടി എടുക്കുന്നുണ്ട് എന്ന് ഉറപ്പാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു വിവരശേഖരം (ഡാറ്റാ ബേസ്) ഉണ്ടാക്കുക എന്നീ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പഞ്ചായത്തുകളിൽ ഡബിൾ എൻട്രി സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമായിട്ടുണ്ട്; അത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. പെൻഡിംഗ് ഉണ്ടായിരുന്നത് തീർത്ത് അടുത്ത വർഷം മുതൽ അതാതു കൊല്ലത്തെ കണക്കുകൾ ആഡിറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി നിർവ്വഹണം സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുകയും കൈമാറുകയും ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരുടെമേൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സോഷ്യൽ ആഡിറ്റ് സിസ്റ്റം ഏർപ്പെടുത്തുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലാണ്. തദ്ദേശഭരണസ്ഥാപനങ്ങളിലെ അക്കൗണ്ടിംഗ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കൗണ്ടിംഗ് ഓഫീസറെ നിയമിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിന് ഉത്തരമായി മന്ത്രി അറിയിച്ചു.

27 (*243) <u>രജിസ്ട്രേഷൻ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ദൈനംദിന പ്രവർത്തികളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും

വേണ്ടി ആവശ്യമായ പരിഷ്ക്കാരങ്ങളും ഭേദഗതികളും വരുത്തിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2001 -ലെ The Registration Act and other related laws and Amendment Act മുഖേന രജിസ്ട്രേഷൻ നിയമം ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്ര സർക്കാർ, ആധാരം രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ ഹാജരാക്കുന്ന ആളുടേയും, സ്ഥാവര വസ്തുവിന്റെ കൈമാറ്റം സംബന്ധിച്ച ആധാരങ്ങളിൽ വാങ്ങുന്ന ആളുടെയും വിൽക്കുന്ന ആളുടെയും ഫോട്ടോയും വിരൽപ്പതിപ്പും പതിച്ചിരിക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി രജിസ്ട്രേഷൻ ചട്ടങ്ങൾ ഭേദഗതി ചെയ്ത് 4-5-2007-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. രജിസ്റ്ററിംഗ് ഓഫീസർ തന്റെ മുമ്പാകെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഹാജരാക്കുന്ന ആളുടെ അനന്യത സ്വയം ബോദ്ധ്യപ്പെടുന്നതിലേക്കായി ഇലക്ടറൽ തിരിച്ചറിയൽ കാർഡോ, പാസ്പോർട്ടോ, ഡ്രൈവിംഗ് ലൈസൻസോ, പെർമനന്റ് അക്കൗണ്ട് നമ്പർ കാർഡോ, റേഷൻ കാർഡോ, സർക്കാർ നിയന്ത്രണത്തിലുള്ള ഏതെങ്കിലും അധികാരി നൽകുന്ന തിരിച്ചറിയൽ കാർഡോ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം അനന്യത തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖയുടെ പ്രസക്തഭാഗത്തിന്റെ ഫോട്ടോകോപ്പി വാങ്ങേണ്ടതും ആധാരനമ്പറും രജിസ്റ്റർ ചെയ്ത തീയതിയും ചേർത്ത് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥർ ഫയൽ ചെയ്ത് പരിപാലിക്കേണ്ടതുമാണ്. തിരിച്ചറിയൽ കാർഡ് സംബന്ധിച്ച നടപടി കേന്ദ്ര ഭേദഗതിയിൽ ഇല്ലാത്തതും സംസ്ഥാനത്ത് പ്രത്യേകം നടപ്പാക്കിയതുമാണ്. 1968-ലെ കേരള മുദ്രപത്ര നിയമം (കരണങ്ങളിൽ വില കുറച്ച് വിൽക്കുന്നത് തടയൽ) ഭേദഗതി വരുത്തിക്കൊണ്ട് ആധാരത്തിൽ

ഉൾപ്പെട്ട കെട്ടിടത്തിനെപ്പറ്റിയുള്ള വിവരങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടി ഫോറം 1 ബി ആധാരങ്ങളുടെ അനുബന്ധമായി ചേർക്കണമെന്ന് ഉത്തര വിട്ടിട്ടുണ്ട്. സംസ്ഥാനത്തെ 309 സബ് രജിസ്ട്രാർ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും, കുടികിട സർട്ടിഫിക്കറ്റുകൾ തയ്യാറാക്കി നൽകുന്നതിനുള്ള കാലതാമസവും തൻമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടും പരിഹരിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ നിലനിന്ന കാര്യക്ഷമതക്കുറവിന്റെ അടിസ്ഥാനകാരണമായ ആധാരപ്പകർപ്പുകൾ എഴുതി തയ്യാറാക്കി നൽകേണ്ടിവരുന്നതുമൂലമുള്ള കനത്ത ജോലി ഭാരം ഒഴിവാക്കാൻ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ച് നടപ്പാക്കിയ ഡിജിറ്റൽ ഇമേജ് പ്രിന്റർ എന്ന നൂതന സംവിധാനം ഉപയോഗിച്ച് അതിവേഗത്തിൽ സർട്ടിഫൈഡ് കോപ്പികൾ നൽകാനാവും. സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. അപേക്ഷകർക്ക് ആധാരപ്പകർപ്പുകൾ കിട്ടുന്നതിനുണ്ടായിരുന്ന കാലതാമസം ഒഴിവാക്കി ഇപ്പോൾ അപേക്ഷിക്കുന്ന ദിവസം തന്നെ സർട്ടിഫൈഡ് കോപ്പികൾ ലഭ്യമാകുന്ന തരത്തിൽ കാര്യക്ഷമത ഇരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. കാലതാമസത്തെക്കുറിച്ചുള്ള പരാതികളും ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് സഹായകമായ വിധത്തിൽ ഭൂമിയെ 15 ആയി തരംതിരിക്കുകയും ന്യായവില സംബന്ധിച്ച കരട് വിജ്ഞാപനം 05/05/2008-ലെ അസാധാരണ ഗസറ്റ് നോട്ടിഫിക്കേഷനായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കരട് വിജ്ഞാപനത്തിലെ പരാതികളും അപാകതകളും പരിഹരിച്ച് ഫൈനൽ ഫെയർവാല്യു

നിജപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആൾ മാറാട്ടം വഴി ചെയ്യുന്നതോ സർക്കാർ ഭൂമി കൈമാറുന്നതോ ആയ ഭൂമിയുടെ നിയമവിരുദ്ധ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് സർക്കാരിന് അധികാരം നൽകുന്ന വിധത്തിൽ രജിസ്ട്രേഷൻ നിയമ ഭേദഗതിക്കുള്ള കരട് ബില്ലിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് നിയമനിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. രജിസ്ട്രേഷൻ ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനായി രജിസ്ട്രേഷൻ വകുപ്പിന്റെ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷനു വേണ്ടി ഹാജരാക്കുന്ന ആധാരങ്ങൾക്ക് സംസ്ഥാനമൊട്ടുക്ക് ഐകരൂപ്യമുണ്ടായാൽ അത് രജിസ്ട്രേഷൻ നിയമത്തിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള പ്രകാരം എളുപ്പത്തിലും വേഗത്തിലും ആധാരങ്ങൾ തയ്യാറാക്കി പരിപാലിക്കുന്നതിനും സൂചകപത്രങ്ങൾ എളുപ്പത്തിൽ തയ്യാറാക്കുന്നതിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും വകുപ്പിനെ പ്രാപ്തമാക്കുകയും വ്യാജ പ്രമാണങ്ങൾ തയ്യാറാക്കി രജിസ്റ്റർ ചെയ്യപ്പെടുന്നത് തടയുകയും ചെയ്യും. അതിനായി 1908-ലെ രജിസ്ട്രേഷൻ നിയമം 16 എ(1), 69(1) എന്നീ വകുപ്പുകളും, 1958-ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ 23, 26 എന്നീ ചട്ടങ്ങളും അനുസരിച്ച് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിൽ നിയമപ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന്റെ മുമ്പാകെ രജിസ്ട്രേഷനുവേണ്ടി ഹാജരാക്കാനുദ്ദേശിക്കുന്ന ആധാരങ്ങൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നടപ്പിൽ

വരുത്തിയിട്ടുണ്ട്. വകുപ്പിനെപ്പറ്റി പൊതുജനങ്ങൾക്കുള്ള പരാതികൾ തീർപ്പാക്കാനായി എല്ലാ ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും പ്രതിമാസ പരാതി പരിഹാര അദാലത്ത് നടപ്പാക്കിയിട്ടുണ്ട്. ഫെയർവാല്യൂ നിജപ്പെടുത്തി പ്രാബല്യത്തിൽ വന്നാൽ രജിസ്ട്രേഷൻ ഫീസ് കുറച്ചുകൊണ്ടുവരാൻ കഴിയും. നിലവിലുള്ള നിയമപ്രകാരം ഭൂമി രജിസ്റ്റർ ചെയ്തുകഴിഞ്ഞാൽ റദ്ദ് ചെയ്യാനുള്ള അധികാരം കോടതിക്കാണുള്ളതെന്ന് മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2096 മുതൽ 2322 വരെയുള്ള ചോദ്യങ്ങളിൽ 197 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)